# വചനവിചിന്തനം - 2010 മാർച്ച് 21, ഞായർ

## യോഹന്നാൻ 10:11–18

### ഞാൻ നല്ലിടയനാകുന്നു.....

സ്നേഹത്തിന്റെ നനവും ബന്ധങ്ങളുടെ ഇഴയടുപ്പവും കൊണ്ട് ഗൃഹതുരത്വം സൃഷ്ടിക്കുന്ന ഒരുപിടി പഴയനിയമ ജീവിതാനുഭവങ്ങളുടെ കൃൻവാസിലാണ് ഈശോ നല്ലിടയന്റെ ചിത്രം വരയ്ക്കുന്നത് ; ആടുകളോടും അതിനെ മേയ്ക്കുന്ന ഇടയന്മാരോടും അഭേദ്യമായവിധം ബന്ധപ്പെട്ടിരുന്ന ഇസ്രായേലിന്റെ ജീവിതപരിഛേദത്തിൽ നിന്നാണ് ഈ പ്രസ്താവനകൾ:

**ഞാനാണ് ആടുകളുടെ വാതിൽ :** - അന്തിയാകുമ്പോൾ ഒരു ഗുഹയിലേയ്ക്കോ കൂടാരത്തിലേയ്ക്കോ കയറിപ്പോകുന്ന ആടുകൾക്ക് വായുവും വെളിച്ചവും മറയില്ലാത്ത വാതിലാണ്. ആടുകൾ അകത്തുകയറിയാൽ ഗുഹാമുഖത്തിനു കുറുകെ ഇടയൻ കിടക്കും. പിന്നെ അവനാണ് വാതിൽ. അവന്റെ നെഞ്ചിൽ ചവിട്ടിയേ ഏതു ശത്രുവിനും ഉള്ളിലേയ്ക്ക് കയറാനാവൂ. അവന്റെ നെഞ്ചലിവിന്റെ ഊഷ്മാവറിയാതെ അകത്തുള്ള ഒരാടും പുറത്തേയ്ക്കു പോകില്ല.

**ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു:** - ഒരു ആലയിൽ ചിലപ്പോൾ ഒന്നിൽ കൂടുതൽ ഇടയന്മാരുടെ ആടുകൾ ഉണ്ടാവും. പിറ്റേന്നു പ്രഭാതത്തിൽ ഇടയന്മാർ ഓരോ സ്ഥലത്തു മാറിനിന്ന് ഒരു സ്വരം പുറപ്പെടുവിക്കും. ആടുകൾക്ക് പരിചിതമാണ് അവയുടെ ഇടയന്റെ വിളി ആ സ്വരം കേട്ടിടത്തേയ്ക്ക് ആടുകൾ ഒരുമിച്ചുകൂടും ഇടയൻ അവയേയും കൂട്ടി മേച്ചിൽപ്പുറങ്ങളിലേയ്ക്കും....

**ആടുകളെ ഞാൻ പേരുചൊല്ലി വിളിക്കുന്നു:** - ഇടയന്റെ വ്യക്തിപരമായ ബന്ധമാണ് പേരുചൊല്ലി വിളിക്കാനാകുന്ന അടുപ്പം. ഓരോ ആടിനുമുള്ള മുദ്ര കാതു കുത്തുന്നതുപോലൊരു ചെറുനോവിന്റെ പരിണിതഫലമാണ്. ഈ വേദനയിലൂടെയാണ് ആടുകൾ ഇടയന്റെ സ്വന്തമാകുന്നത്. അതുകൊണ്ടുതന്നെ ഈ ബന്ധം ആർദ്രമാണ്. ഒരിക്കലും മറക്കാത്തതുമാണ്.

**ഇടയൻ ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നു:** - ആടുമേയുന്ന താഴ്വരയിൽ ഇടയന്റെ ഭീതിദമായ കണ്ണുകളാണ് ആടുകളുടെ കാവൽ. താഴ്വരയിൽ പ്രത്യക്ഷപ്പെടുന്ന ചെന്നായ്ക്കൂട്ടത്തിൽ നിന്ന് ജീവൻ പണയംവച്ച് തന്റെ ആടുകളെ രക്ഷിക്കുന്നവൻ. ഇടയൻ കാവലാണ്. അജഗണങ്ങളുടെ രക്ഷയ്ക്കായി കുരിശിലർപ്പിച്ചവൻ ഇടയൻ.

പക്ഷേ ഇന്നും പത്രത്തിലെ വർത്തമാനങ്ങൾ ഇടയന്മാർ ആടുകളെ ഉപേക്ഷിച്ച് ഓടിയൊളിക്കുന്നതാണ്. രണ്ടു കുഞ്ഞുങ്ങൾക്കും വിഷം കൊടുത്തിട്ട് തൂങ്ങി മരിച്ച അമ്മയും കടബാദ്ധ്യതകൾകൊണ്ട് കുടുംബമൊന്നാകെ മരണത്തിന്റെ ഇരുട്ടിലേയ്ക്ക് മുങ്ങാംകുഴിയിട്ടതുമൊക്കെ ...... ചെന്നായ് വരുന്നതു കാണുമ്പോൾ കൂലിക്കാരെപ്പോലെ പ്രതിബദ്ധതയില്ലാത്തവരായി ഓടിയൊളിക്കുന്നവർ....

ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമാണ്;

ജെത്രോയുടെ ആടുകളെ മേയ്ച്ചു നടന്ന പരിചയമാണ് മോശയെ ഇസ്രായേലിന്റെ ഇടയനാക്കിയത്. കൂട്ടം തെറ്റിയ ഒരാടിനെത്തേടി ഒടുവിൽ ചോലയുടെ അരികിൽനിന്ന് ആർത്തിയോടെ കുടിക്കുന്ന ആടിനെക്കണ്ടെത്തിയപ്പോൾ മോശയുടെ മിഴികൾ സജ്ജലങ്ങളായത് ആട് കൂട്ടം തെറ്റിയിട്ടോ, അവൻ അതിനെത്തേടി അലഞ്ഞു നടന്നിട്ടോ അല്ല, ആ

കുഞ്ഞാടിന്റെ ഇളം നെഞ്ചിലെ ദാഹത്തിന്റെ ഊഷ്മാവ് അറിയാൻ ഞാൻ പരാജയപ്പെട്ടു പോയല്ലോ എന്നോർത്താണ് എന്നു വായിക്കുവാൻ ഇടയനു മാത്രം സ്വന്തമായ ഒരു കരുതലിനെപ്പറ്റിയാണ് ഓർക്കേണ്ടത്.

മലങ്കാടുകളിൽ ഏറുമാടങ്ങളുണ്ടാക്കി കുടുംബത്തിന് ഇടമൊരുക്കി, കാവലായി ഉറങ്ങാത്ത കണ്ണുകളുമായി കാത്തിരുന്ന കുടിയേറ്റകാലത്ത് മലമ്പനിവന്ന മകനെയും കൊണ്ട് കാതങ്ങൾ അകലെ തോളിലേറ്റി കൊണ്ടുപോയതും, ഒരു മലമ്പനിയ്ക്കും കൊടുക്കാതെ ഏഴുമക്കളെപ്പോറ്റിയതും, ഒടുവിൽ വീട്ടിൽ വന്ന ഇളയമകന്റെ ഭാര്യ അപ്പനെ അനാഥാലയത്തിലാക്കണമെന്നു ശഠിച്ചപ്പോൾ വിസമ്മതിച്ച മകനെ ആശ്വസിപ്പിച്ചു പടിയിറങ്ങിയതും ഒരിടയന്റെ വീട്ടുവിശേഷങ്ങൾ. പക്ഷേ തീരാത്ത വഴിയുടെ ഓരത്ത് ഒരു മരത്തണലിലിരിക്കുമ്പോൾ ആ അപ്പന്റെ നെഞ്ചു പിടഞ്ഞത് മരുമകളുടെ വിവേകമില്ലായ്മ ഓർത്തിട്ടല്ല, തന്റെ മകന്റെ നെഞ്ചിലെരിയുന്ന നെരിപ്പോട് ഓർത്തിട്ടാണ് എന്നു പറയുമ്പോൾ ഇടയനുമാത്രം സ്വന്തമായ കരുതലാണ് അത്.

നല്ലിടയനാകുക എന്നത് ഒരു വിളിയല്ല, വെല്ലുവിളിയാണ്. കുടുംബവും സമൂഹവുമെല്ലാം കാത്തിരിക്കുന്നത് ഇതുപോലൊരു ഇടയന്റെ സാന്നിദ്ധ്യത്തിനുവേണ്ടിയാണ്. കഴിഞ്ഞതലമുറയുടെ പുറപ്പാടനുഭവങ്ങളിൽ മക്കളെ ചേർത്തുപിടിച്ച് മരുഭൂമി കടത്തി, അവർക്ക് അപ്പമായ് പെയ്തൊഴിഞ്ഞ എത്രയോ ഇടയന്മാർ നമ്മുടെ ഓർമ്മകളിലുണ്ട് - എത്രയോപേർ നമ്മുടെ ഓർമ്മകളിൽപ്പോലുമില്ലാതെ..........!

**ഫാ. അലക്സ് വേലച്ചേരിൽ.**